# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **1435** **13.12.2012** - ൽ മറുപടിയ്ക്ക്

## അരൂർ മണ്ഡലത്തിലെ പാലം പണികളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അരൂർ മണ്ഡലത്തിലെ തുറവൂർ വാക്കയിൽ പാലം, കോടംതുരുത്ത് പഞ്ചായത്തിലെ പി.എസ്. ഫെറി പാലം, എരമല്ലൂർ - കുടപുറം ഫെറി പാലം, എന്നീ പദ്ധതികൾ ഏതു ഘട്ടത്തിലാണ് ; | (എ) അരൂർ മണ്ഡലത്തിലെ തുറവൂർ വാക്കയിൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അലൈൻമെന്റ് സർവ്വെ കഴിഞ്ഞു. ഉടൻ തന്നെ സോയിൽ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതായിരിക്കും. ഇതിന്റെ ഇൻവെസ്റ്റിഗേഷനും ലാന്റ് അക്വിസിഷനുമായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പി. എസ്. ഫെറി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മറ്റു നടപടികൾ ഉടൻ തന്നെ തുടങ്ങുന്നതായിരിക്കും.<br>എരമല്ലൂർ - കുടപുറം പാലത്തിന്റെ നടപടികൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി തുക എത്രയാണ്; പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ ? | (ബി) പ്രസ്തുത പാലങ്ങളുടെ പണികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**